പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 112** **12-10-2026-ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ ഭിന്നശേഷിക്കാർക്കുള്ള ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി എത്രയാണ്; വരുമാനപരിധി കാരണം അർഹരായ നിരവധി ഭിന്നശേഷിക്കാർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിബന്ധനകൾ, സ്പഷ്ടീകരണങ്ങൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള 23.09.2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന ഉത്തരവ് പ്രകാരം എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനും അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ കൂടുതലുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. ഭിന്നശേഷിക്കാർക്ക് ഇതിൽ പ്രത്യേക ഇളവുകൾ ഒന്നും അനുവദിച്ചിട്ടില്ല.

**(ബി)** മക്കൾക്ക് സർക്കാർ ജോലിയുള്ള കാരണം നിരവധി ഗുണഭോക്താക്കൾക്കും പെൻഷൻ നിഷേധിക്കപ്പെടുകയും അവർക്ക് മരുന്നിനും മറ്റ് ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനും വലിയ പ്രയാസം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായാണ് ഇത്തരത്തിൽ പെൻഷൻ അനുവദിച്ചുവരുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുക എന്നത് സർക്കാരിൻ്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമപ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനും അനിവാര്യമാണ്. 23.09.2020 ലെ സ.ഉ.(എം.എസ്)നം.97/2020/ധന ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം അപേക്ഷകൻ്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത് എന്നും കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല

എന്നും വ്യക്തമാക്കിയിട്ടുണ്ട്. വിവാഹിതരല്ലാത്തതും അപേക്ഷകൻ്റെ റേഷൻ കാർഡിൽ ഉൾപ്പെട്ടതുമായ സർക്കാർ ജോലിയുള്ള മക്കളുടെ വരുമാനം കുടുംബവാർഷിക വരുമാനത്തിൽ കണക്ക് കൂട്ടുന്നതും ആയത് ഒരു ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലാത്തതുമാണ്. കൂടാതെ 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ, താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഉള്ളവർ, കുടുംബത്തിൽ 1000 സി.സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി വാഹനങ്ങൾ ഉള്ളവർ എന്നിവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ളവരുടെ ഗണത്തിൽപ്പെടുന്നതാകയാൽ അങ്ങനെയുള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ല.

**(സി)** ഭിന്നശേഷിക്കാരായ വ്യക്തികൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാനപരിധി കുറഞ്ഞത് അഞ്ചു ലക്ഷം രൂപയായി ഉയർത്തി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണവകുപ്പ് പുറപ്പെടുവിച്ച 22.05.2026 തീയതിയിലെ സ.ഉ.(കൈ)നം.3/2026/PIE&MD നമ്പർ ഉത്തരവ് പ്രകാരം 'വിഷൻ 2031' എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇന്ദിര ഗ്യാരൻ്റി (ആറിനങ്ങൾ) , സ്വപ്ന പദ്ധതികൾ (അഞ്ചിനങ്ങൾ) എന്നിവ ഉൾപ്പെടെ 1291 ഇന ലക്ഷ്യങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഭിന്നശേഷിക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുമ്പോൾ വാർഷിക വരുമാന പരിധി ഒഴിവാക്കുന്ന വിഷയം Item No. 648 ആയി ഉൾപ്പെടുത്തുകയും ഈ വിഷയത്തിന്മേൽ തുടർനടപടികൾക്കായി ഭരണവകുപ്പായി തദ്ദേശസ്വയംഭരണ വകുപ്പിനെയും അനുബന്ധവകുപ്പായി സാമൂഹ്യ നീതി വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**